# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 625** **29.05.2019- ൽ മറുപടിക്ക്**

### ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ആറ്റിങ്ങൽ, ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിനായി തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജ് എന്നുമുതൽ നടപ്പിൽ വരുത്താനാകുമെന്ന് വിശദമാക്കുമോ? | (എ) വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘം തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് സംഘത്തിന്റെ പേരിലുള്ള റവന്യൂ റിക്കവറി ഒഴിവാക്കി വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും പുന:സ്ഥാപിക്കുന്നതിനും റവന്യൂ റിക്കവറി തുക മുതൽ ഇനത്തിൽ 6,49,581/- രൂപയും നാളിതുവരെയുള്ള പലിശയും ചേർത്ത് 14,44,000/-രൂപയും 50 തറികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 3 ലക്ഷം രൂപയും ഉൾപ്പെടെ 17,44,000/- രൂപയും, കെട്ടിടം, വർക്ക്ഷെഡുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8,35,000/- രൂപയും ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് 50,000/- രൂപയും പരിസരം വൃത്തിയാക്കുന്നതിന് 14,400/- രൂപയും ഉൾപ്പെടെ ആകെ 26,43,400/- രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന് വിവിധ ഇനങ്ങളിലായി റവന്യൂ റിക്കവറി കടിശ്ശിക ഇനത്തിൽ ഏകദേശം 18 ലക്ഷം രൂപ ഉൾപ്പെടെ 40 ലക്ഷത്തോളം രൂപയുടെ ബാധ്യത നിലനിൽക്കുന്നുണ്ട്. കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എങ്കിലും നിലവിലുള്ള ഇതരപദ്ധതികൾ പ്രകാരം നെയ്ത്തു തൊഴിലാളികൾക്ക് ജോലി നൽകാൻ സർക്കാർ സന്നദ്ധമാണ്. കൈത്തറി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ